GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

20-06-2021

## കാർഷികവാർത്തകൾ

### 1. കൊക്കോ, മരമഞ്ഞൾതൈകൾവില്പനയ്ക്ക്

തൃശൂർ വെള്ളാനിക്കരയിലുള്ള കൊക്കോ ഗവേഷണകേന്ദ്രത്തിൽ സങ്കരയിനം കൊക്കോതൈകളും, വെള്ളാനിക്കര കാർഷിക കോളേജിലെ പ്ലാന്റേഷൻ സ്പൈസസ് വിഭാഗത്തിൽ ഔഷധ സസ്യമായ മരമഞ്ഞളിന്റെ കൂടതൈകളും വിൽപനക്കായി തയ്യാറാക്കിയിട്ടുണ്ട്. . കൂടുതൽ വിവരങ്ങൾക്ക് **0487- 2438451, 0487- 2438452, 9495463927** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

### 2. പശുഡയറി യൂണിറ്റുകൾക്ക് അപേക്ഷ ക്ഷണിച്ചു

ക്ഷീരവികസന വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിലെ മിൽക്ക്ഷെഡ്ഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) എന്ന പദ്ധതിയിൽപ്പെടുത്തി ക്ഷീരകർഷകർക്ക് 1 പശു ഡയറി യൂണിറ്റ്, 2 പശു ഡയറി യൂണിറ്റ് 5 പശു ഡയറി യൂണിറ്റ് കാലിത്തൊഴുത്ത് നിർമ്മാണ-നവീകരണ ധനസഹായം, കോമ്പസിറ്റ് ഡയറി യൂണിറ്റുകൾക്കുള്ള ധനസഹായം, ആവശ്യാധിഷ്ഠിത ധനസഹായം എന്നിങ്ങനെ വൈവിധ്യങ്ങളായ പദ്ധതി ധനസഹായത്തിന് പത്തനംതിട്ട ജില്ലയിൽ അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് ക്ഷീരവികസന ഓഫീസുകളിൽ ബന്ധപ്പെടേണ്ടതാണ്.

### 3. അറിയിപ്പ്

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി, സർട്ടിഫിക്കറ്റ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് എന്നീ കോഴ്സുകൾക്ക് 2021-22 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. ഒരു വർഷ കോഴ്സായ ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജിയിലേക്കുള്ള അടിസ്ഥാന യോഗ്യത പ്ലസ്ടുവും ആറു മാസത്തെ കോഴ്സായ സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗി-ന്റെ അടിസ്ഥാന യോഗ്യത 8-ാം ക്ലാസും ആണ്. ജൂലൈ 15-ന് മുമ്പ് https://onlineadmission.ignou.ac.in/admission/ എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെപടാവുന്നതാണ്. **9495000930, 9400608493.**

**4. റബ്ബർബോർഡ് കോൾസെന്റർ**

റബ്ബറിന്റെ ശാസ്ത്രീയ വളപ്രയോഗശുപാർശകൾ, ഓൺലൈൻ വളപ്രയോഗശുപാർശ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ സീനിയർ സയിന്റിസ്റ്റ് ഡോ. പി. പ്രസന്നകുമാരി ഈ മാസം 21-ന് (ജൂൺ 21) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ **0481 2576622.**

**5. നൂറുമേനി**

ഇന്ന് രാവിലെ 10.30-ന് ദൂരദർശനിലും 3.30-ന് കൈരളി ന്യൂസ് ചാനലിലും **കോവിഡ് കാലത്ത് അനുവർത്തിക്കേണ്ട മൃഗപരിപാലന മുറകളും മൃഗസംരക്ഷണ വകുപ്പിന്റെ കോവിഡ് കാലസേവനങ്ങളും** പരിചയപ്പെടുത്തുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നൂറുമേനി കാർഷിക പരിപാടി സംപ്രേഷണം ചെയ്യുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## ഓൺലൈൻ പരിശീലനങ്ങൾ

6. **ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ** ആഭിമുഖ്യത്തിൽ ഇന്ന് (20.06.2021) രാവിലെ 11 മണിക്ക് **'പ്രാഥമിക വിള ആരോഗ്യകേന്ദ്രം'** എന്ന വിഷയത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ അസിസ്റ്റന്റ് ഡയറക്ടർ ജോൺ ഷെറി-യുടെ ഫെയ്സ്ബുക്ക് ലൈവ് ഉണ്ടായിരിക്കുന്നതാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഫെയ്സ് ബുക്ക് പേജിൽ പ്രഭാഷണം തത്സമയം വീക്ഷിക്കാവുന്നതാണ്.

7. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച്** ഈ മാസം 25-ന് ക്യാറ്റിൽ ഫാം മാനേജ്മെന്റ്, 30-ന് നായ്ക്കളിലെ പ്രത്യുത്പാദനവും പ്രജനന രീതികളും എന്നീ വിഷയങ്ങളിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താത്പര്യമുള്ള കർഷകർ **9188522708** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

8. **ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന** പരിശീലന കേന്ദ്രത്തിൽ കർഷകർക്കായി 24,25 തീയതികളിൽ 'ആട്വളർത്തൽ' എന്ന വിഷയത്തിൽ സൗജന്യപരിശീലനം ഓൺലൈനായി നടത്തുന്നു. താൽപര്യമുള്ള കർഷകർ **9188522703** എന്ന നമ്പറിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. **തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** വച്ച് ഈ മാസം 23, 24 തീയതികളിൽ എരുമവളർത്തൽ എന്ന വിഷയത്തിൽ ഓൺലൈൻ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവർത്തി ദിവസങ്ങളിൽ **0471-2732918, 9188522701** എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

**10. ക്ഷീരവികസനവകുപ്പിന്റെ തിരുവനന്തപുരം** ക്ഷീര പരിശീലനകേന്ദ്രത്തിൽ വച്ച് ഈ മാസം 25-ന് ക്ഷീരസംഘങ്ങൾക്കു വേണ്ടി പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. **04712440911, 9446559818**

ഫാം ഇൻഫർമേഷൻ ബ്യൂറോ,